24/11/21 സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 234(2)/2021/എസ്.ഐ.സി**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **5520**/എസ്.ഐ.സി-ജി 6/21)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.രാജേഷ് എസ്.,
ബൈജുവിലാസം,
തലവൂർക്കോണം,കുഴിമതിക്കാട് പി.ഒ.,
കരീപ്ര വില്ലേജ്, കൊട്ടാരക്കര, കൊല്ലം –691 509.
} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി,
കരീപ്ര ഗ്രാമപഞ്ചായത്ത്, കൊട്ടാരക്കര,
കൊല്ലം – 691 509.
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10.02.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | – |
| അപ്പീലിന് മറുപടി നൽകിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 27.04.2021 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 29.04.2021 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. രാജേഷ് എസ്., 27.04.2021ന് സമർപ്പിച്ച പരാതി ഹർജി 29.04.2021ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.234(2)/21/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 10.02.2021ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്.

1) കരീപ്ര പഞ്ചായത്തിൽ തളവൂർക്കോണം വാർഡിൽ CMA club കെട്ടിടത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന കിണർ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നും

2) അപ്രകാരം ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഏത് വർഷം ഏത് തീയതി മുതലാണെന്നുമാണ്.

4. എതിർകക്ഷി 02.07.2021ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കരീപ്ര ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ. മുമ്പാകെ 10.02.2021ന് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് കരീപ്ര ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ പക്കൽ നിന്നും ലഭിക്കേണ്ട വിവരങ്ങൾക്കായി അപേക്ഷയുടെ പകർപ്പ് 12.02.2021ന് കൈമാറിയിരുന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 27.02.2021ന് അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസിൽ നിന്നും ടിയാന്റെ അപേക്ഷ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമായിട്ടുള്ളതാണെന്നും ടി വിവരങ്ങൾ ഹർജിക്കാരന് വിവരാവകാശ നിയമപ്രകാരം തപാലിൽ 01.03.2021ന് അയയ്ക്കുകയും മറുപടി ഹർജിക്കാരന് ലഭിച്ചുവെന്ന് ഫോൺ മുഖാന്തിരം ഉറപ്പുവരുത്തിയിട്ടുണ്ടെന്നും ടി മറുപടിയുടെ പകർപ്പും ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

5. 09.11.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ എതിർകക്ഷി ഹാജരായിരുന്നു. പരാതി ഹർജിക്കാരൻ ഹാജരായില്ല.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 10.02.2021ലെ അപേക്ഷയ്ക്ക് 01.03.2021ന് തപാലിൽ മറുപടി അയയ്ക്കുകയും ടി മറുപടി ഹർജിക്കാരന് ലഭിച്ചുവെന്ന് ഫോൺ മുഖാന്തിരം ഉറപ്പുവരുത്തിയിട്ടുണ്ടെന്നുമുള്ള എതിർകക്ഷിയുടെ റിപ്പോർട്ട് കമ്മീഷൻ അംഗീകരിച്ചുകൊണ്ട് ഈ പരാതി ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2021 നവംബർ 10-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)